1505. [2259] [ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ പോലീസ് വകുപ്പിൽ എത്ര സർക്കിൾ ഇൻസ്പെക്ടർമാരുടെ തസ്തികകൾ ഉണ്ട് ;

(ബി) അതിൽ എത്ര എസ്. ടി. /എസ്. സി. ക്കാരെ സംവരണം ചെയ്തിട്ടുണ്ട് ;

(സി) പ്രസ്തുത തസ്തികകളിൽ എസ്. സി./എസ്. ടി. ക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിജിലൻസ് വകുപ്പ് ഉൾപ്പെടെ 283 തസ്തികകൾ ഉണ്ട്.

(ബി) പോലീസ് വകുപ്പിൽ ആകെയുള്ള തസ്തികകളുടെ പത്തു ശതമാനം.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ആദിവാസി കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഉദ്യോഗസ്ഥൻമാർക്ക് കോമ്പൻസേറ്ററി അലവൻസ്

1506. [2260] [ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഉദ്യോഗസ്ഥൻമാർക്ക് സർക്കാർ നൽകിവന്നിരുന്ന കോമ്പൻസേറ്ററി അലവൻസ് 1983 മാർച്ച് മുതൽ ലഭിക്കുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ, അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) 1984 മാർച്ച് മുതൽ ഈ കോമ്പൻസേറ്ററി അലവൻസ് നൽകുന്നില്ല.

(ബി) ഉണ്ട്.

(സി) കോമ്പൻസേറ്ററി അലവൻസ് തുടർന്നു നൽകണോ എന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

മലവേടൻമാരുടെ സംഖ്യ

1507. [2261] [ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മലവേടൻമാരുടെ സംഖ്യ എത്രയാണ് ;

(ബി) ഏതെല്ലാം ജില്ലകളിൽ ; എത്ര വീതം ;

(സി) ഇവരെ ഗിരിജനങ്ങളായി അംഗീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തിരുവനന്തപുരം ജില്ലയിലെ മലവേടൻമാർക്ക് വിദ്യാഭ്യാസാനുകൂല്യങ്ങളും മറ്റും ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഗിരിജനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ ഇവർക്കു ലഭിക്കുന്നില്ലെങ്കിൽ അതു നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1971-ലെ സെൻസസ് പ്രകാരം 1258. (പട്ടികവർഗ്ഗക്കാരുടെ സമുദായം തിരിച്ചുള്ള 1981-ലെ കണക്ക് ഇനിയും തയ്യാറായിട്ടില്ല).

(ബി)

ജില്ലയുടെ പേര്	ജനസംഖ്യ
തിരുവനന്തപുരം	67
കൊല്ലം	947
ആലപ്പുഴ	23
കോട്ടയം	142
എറണാകുളം	7
പാലക്കാട്	72

(സി) പട്ടികവർഗ്ഗക്കാരായി അംഗീകരിച്ചിട്ടുണ്ട്.

(ഡി ആൻറ് ഇ) നെയ്യാറ്റിൻകര താലൂക്കിലെ കുളിക്കാട് പഞ്ചായത്തിൽപ്പെട്ട മലവേടരെന്ന് അവകാശപ്പെടുന്ന ഒരു വിഭാഗക്കാരിൽ നിന്ന് ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവർ മലവേടരാണോ എന്ന് സംശയമുള്ളതിനാൽ ഇവരുടെ ജാതിയെ സംബന്ധിച്ച് നരവംശശാസ്ത്രപരമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കിർട്ടാഡ്സിനെ ഡയറക്ടറെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഇവർക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി, ഇവരുടെ ജാതിയെ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതുവരെ, എസ്. എസ്. എൽ. സി. ബുക്കിലോ സ്കൂൾ അഡ്മിഷൻ രജിസ്റ്ററിലോ ജാതിപ്പേര് "മലവേടൻ"/"മലവേടർ" എന്ന് യാതൊരു തിരുത്തലും കൂടാതെ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളവരുടെ കാര്യത്തിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ തുടർന്നും നൽകാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

അവശ ക്രൈസ്തവ വികസന കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ്

1508. [2262] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശ ക്രൈസ്തവ വികസന കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ആരെല്ലാം ;

(ബി) കോർപ്പറേഷന് ഒരു ഫുൾടൈം മാനേജിംഗ് ഡയറക്ടർ ഉണ്ടോ ;

(സി) കോർപ്പറേഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഒരു ഫുൾടൈം മാനേജിംഗ് ഡയറക്ടറെ നിയമിക്കുവാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) അവശ ക്രൈസ്തവ വികസന കോർപ്പറേഷന്റെ 19-8-1985-ൽ രൂപീകരിച്ച ഡയറക്ടർ ബോർഡിന്റെ കാലാവധി 18-8-1986-ൽ തീർന്നു. ഇപ്പോൾ ഡയറക്ടർ ബോർഡ് നിലവിലില്ല. പുതിയ ഡയറക്ടർ ബോർഡ് രൂപീകരിക്കാൻ നടപടികളെടുത്തുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly